# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.266 11.12.2014 -ലെ മറുപടിക്ക്.**

## ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങളുടെ പരിഷ്കരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി.റ്റി.ബൽറാം<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ .സി.പി. മുഹമ്മദ്<br>ശ്രീ .എ.പി.അബ്ദുള്ളക്കുട്ടി | | ശ്രീ. പി. കെ. അബ്ദുറബ്ബ്<br>(ഉന്നത:വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) ഹയർ സെക്കൻഡറി പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നതു സംബന്ധിച്ച് കരിക്കുലം കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ എന്തൊല്ലാം; | (എ) | ഹയർ സെക്കന്ററി പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച് കരിക്കുലം കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്.<br>കേരള സ്കൂൾ പാഠ്യപദ്ധതി-2013- ന്റെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച ഒന്നാംവർഷ ഹയർ സെക്കന്ററി പാഠപുസ്തകങ്ങൾ (11- ാം ക്ലാസ്) 09/01/2014-ന് ചേർന്ന 41- ാമത് സംസ്ഥാന സ്കൂൾ കരിക്കുലം സ്റ്റിയറിങ്ങ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി 2014-2015 അധ്യയനവർഷം മുതൽ നടപ്പിലാക്കി. |
| (ബി) പ്രസ്തുത പാഠപുസ്തകങ്ങൾ തയ്യാറാക്കിയത് ആരാണെന്ന് വ്യക്തമാക്കുമോ; | (ബി) | യൂണിവേഴ്സിറ്റികൾ, കോളേജ് തല വിദഗ്ദ്ധർ, ഹയർ സെക്കന്ററി അധ്യാപകർ, എസ്.സി. ഇ ആർ.ടി ഫാക്കൽറ്റി അംഗങ്ങൾ, വിവിധ വിഷയങ്ങളുടെ വിദഗ്ധരായ അധ്യാപകർ ഉടങ്ങിയവർ അടങ്ങിയ സമിതികളാണ് എസ്.സി.ഇ. ആർ.ടി യുടെ വിവിധ ശില്പശാലകളിൽ വച്ച് ഈ പാഠപുസ്തകങ്ങൾ തയ്യാറാക്കിയത്. |

(സി) പുതിയ പാഠപുസ്തകങ്ങൾ എന്നു മുതലാണ് പ്രാബല്യത്തിൽ വരുത്താനുദ്ദേശിക്കുന്നത്?

(സി) 2014-15 അധ്യയന വർഷം മുതൽ 11-ാം ക്ലാസിലെ പുതിയ പാഠപുസ്തകങ്ങൾ നിലവിൽവന്നു. 2015-16 അധ്യയന വർഷം മുതൽ 12-ാം ക്ലാസിലെ പുതിയ പാഠപുസ്തകങ്ങൾ പ്രാബല്യത്തിൽ വരുത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു .

സെക്ഷൻ ഓഫീസർ